**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3983** **17-03-2025 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ മാർഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യമേഖലയിൽ സാർവ്വത്രിക പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ മാർഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | എല്ലാ കിടപ്പ് രോഗികൾക്കും പരാശ്രയം ആവശ്യമുള്ള രോഗികൾക്കും പ്രായഭേദമെന്യേ സാമ്പത്തികഭേദമെന്യേ സാന്ത്വന പരിചരണം നൽകുക എന്നതാണ് സാർവത്രിക സാന്ത്വന പരിചരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി പ്രാദേശിക തലത്തിൽ ഗൃഹ സന്ദർശനം നടത്തി സാന്ത്വന പരിചരണം നൽകുന്ന പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ശാക്തീകരിക്കുക എന്നതാണ് പ്രധാനപ്പെട്ട നടപടി. ആരോഗ്യവകുപ്പിന് പുറമേ മെഡിക്കൽ കോളേജുകൾ, ആയുഷ് വിഭാഗം, ഹോമിയോ വിഭാഗം എന്നീ വകുപ്പുകളെ കൂടി സംയോജിപ്പിച്ചു കൊണ്ട് സാന്ത്വന പരിചരണ പരിപാടിയുടെ അടിത്തറ വികസിപ്പിക്കുകയാണ് ചെയ്തു വരുന്നത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 500 ൽ പരം സന്നദ്ധ സംഘടനകളുടെ സേവനം കൂടി ഉറപ്പാക്കുന്നതോടെയാണ് പ്രാഥമിക സാന്ത്വന -ചികിത്സാരംഗത്ത് ആവശ്യമുള്ള എല്ലാവർക്കും ഏതുസമയത്തും സാന്ത്വനപരിചരണം ഉറപ്പാക്കാൻ സാധിക്കുന്ന യൂണിവേഴ്സൽ കെയർ അഥവാ "സാർവത്രിക പരിചരണം" എന്ന ആശയം നടപ്പിലാക്കാൻ സാധിക്കുന്നത്. 2019 ലെ കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയപ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന് നിർദേശം നൽകിയിട്ടുള്ളതും പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുള്ളതുമാണ്. ആതുര ശുശ്രൂഷ രംഗത്ത് പാലിയേറ്റീവ് നയം ആദ്യമായി പ്രഖ്യാപിച്ചത് 2008- ൽ കേരളമാണ്. അതിനുശേഷം 2019-ൽ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയം നിലവിൽ വന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, 35-ൽ പരം എൻ ജി ഒ കളും |

| | | | |
|---|---|---|---|
| | | | സാമൂഹ്യാധിഷ്ഠിത സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കി വരുന്നത്. ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നതാണ് പുതുക്കിയ 2019 -ലെ പാലിയേറ്റീവ് പരിശീലന നയം. സാമ്പത്തികമോ സാമൂഹികമോ വ്യക്തിപരമോ ആയ ബുദ്ധിമുട്ടുകൾക്ക് സമൂഹത്തിന്റെ പിന്തുണയുള്ള ഗാർഹിക പരിചരണത്തിലൂന്നി കേരളത്തിലെ ഓരോ വ്യക്തിക്കും നിലവാരമുള്ള ഫലപ്രദമായ പാലിയേറ്റീവ് കെയർ സേവനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതാണ് പുതുക്കിയ പാലിയേറ്റീവ് കെയർ പോളിസിയുടെ ലക്ഷ്യം. ഈ നയരേഖയിൽ കേരളത്തിലുള്ള പാലിയേറ്റീവ് കെയർ ആവശ്യമാകുന്ന രോഗികൾക്കുള്ള ത്രിതല ചികിത്സാ സൗകര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. നയരേഖയിലൂടെ പാലിയേറ്റീവ് കെയർ വിഭാഗത്തിനു വേണ്ടിയുള്ള ആരോഗ്യ പ്രവർത്തകരുടെ പരിശീലനവും, സ്ഥാപനങ്ങളുടെ ശേഷി പരിപോഷണവും ലക്ഷ്യം വയ്ക്കുന്നുണ്ട്. പൊതുജനങ്ങൾക്കിടയിൽ സാന്ത്വന പരിചരണത്തെപ്പറ്റിയുള്ള അവബോധം, അതിന്റെ പ്രാധാന്യം, സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ ഇവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവയും നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാന്ത്വന പരിചരണ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്ഥാപനങ്ങൾ, എൻ.ജി.ഒ സാമുദായിക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആയുഷ് വകുപ്പ് തുടങ്ങിയവയുടെ പങ്ക് നയരേഖയിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സജ്ജമാക്കുന്നതിനായി പാലിയേറ്റീവ് കെയർ നയരേഖയെ അടിസ്ഥാനമാക്കി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 500-ൽ അധികം സന്നദ്ധ സംഘടനകൾ സാന്ത്വന പരിചരണ രംഗത്ത് വർഷങ്ങളായി സേവനമനുഷ്ഠിച്ചുവരുന്നു. പുതുക്കിയ പാലിയേറ്റീവ് കെയർ നയപ്രകാരം ഇപ്രകാരമുള്ള സംഘടനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിയിരുന്ന ഈ രജിസ്ട്രേഷൻ പ്രാഥമികതലത്തിൽ ഗൃഹ സന്ദർശനം നടത്തി പരിചരണം നൽകുന്ന എല്ലാ സന്നദ്ധ സംഘടനകൾക്കും ഇനിമുതൽ നിർബന്ധമാക്കുന്നതാണ്. പുതിയതായി പുറത്തിറക്കിയ പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെയും |

| | | | |
|---|---|---|---|
| | | | പാലിയേറ്റീവ് കെയർ സംഘടനകളുടെ രജിസ്ട്രേഷൻ സാധ്യമാകുന്നതാണ്. |
| (സി) | ഇതിനായി വോളന്റിയർമാർക്ക് വാർഡ് തലത്തിൽ പരിശീലനം നൽകി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | തദ്ദേശ തലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും അതിലെ വോളണ്ടിയർമാർക്കും പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ